ചെമ്മീനുകൾക്ക് വൈറ്റ് സ്പോട്ട് വൈറസ് രോഗബാധ

140 [1858] ശ്രീ. വി. ജെ പൗലോസ് :

,, എം. എ. ചന്ദ്രശേഖരൻ :

,, കെ. എ. ചന്ദ്രൻ :

,, എ. സുജനപാൽ :

,, ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെല്ലാം ചെമ്മീൻ വളർത്തുന്ന പാടങ്ങളിൽ ചെമ്മീനിന് വൈറ്റ് സ്പോട്ട് വൈറസ് എന്ന രോഗം പിടിപെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(ബി) എത്ര ഹെക്ടർ പാടങ്ങളിൽ വളർത്തിയ ചെമ്മീനുകൾക്ക് ഈ രോഗബാധയുണ്ടായിയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതുമൂലം എന്തുനഷ്ടമുണ്ടായിയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ ചെമ്മീൻ വളർത്തുപാടങ്ങളിൽ ചെമ്മീനിന് വൈറ്റ് സ്പോട്ട് വൈറസ് രോഗം പിടിപെട്ടതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ബി) ഏകദേശം 4300 ഹെക്ടർ വരുന്ന ചെമ്മീൻ കൃഷി പാടങ്ങളിൽ വളർത്തിയ ചെമ്മീനുകൾക്ക് ഈ രോഗബാധയുണ്ടായതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

(സി) ഏകദേശം 2264.75 ലക്ഷം രൂപ വില വരുന്ന 1132.375 ടൺ ചെമ്മീൻ ഈ രോഗംമൂലം നഷ്ടപ്പെട്ടതായി കണക്കാക്കുന്നു.

ബേപ്പൂരിലെ മത്സ്യബന്ധന തുറമുഖത്തിന്റെ വികസനം

141 [1859] ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂരിലെ മത്സ്യബന്ധന തുറമുഖത്തിന്റെ വികസനത്തിനായി കേന്ദ്രസർക്കാരിന് എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയത് എന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly